(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജലപാതകളിലെ ടൂറിസം വികസന പദ്ധതികൾ

1 [3588] ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്ത് ഏതെല്ലാം ജലപാതകളിലാണ് ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം ഏർപ്പെടുത്തിയ സജ്ജീകരണങ്ങളുടെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകൾ ലഭ്യമാക്കാമോ;

(സി) ജലപാതകൾ ഉപയോഗിച്ചുള്ള ടൂറിസ്റ്റ് വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനായി സംസ്ഥാനത്തെ ജലപാതകളായ കൊല്ലം-ആലപ്പുഴ, ആലപ്പുഴ-കുമരകം-കോട്ടയം, കോട്ടയം-എറണാകുളം, എറണാകുളം-ചേറ്റുവ, കണ്ണൂർ-കാസർഗോഡ് എന്നീ പ്രധാന ജലപാതകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 45 ലക്ഷം രൂപാ ചെലവിൽ അഷ്ടമുടിയിൽ ഒരു വാട്ടർ സ്പോർട്സ് കോംപ്ലക്സ് അനുവദിച്ചു. കായംകുളത്തും, ആലുംകടവിലും വാട്ടർസൈഡ് അമിനിറ്റി സെന്ററുകൾ തുടങ്ങി തണ്ണീർമുക്കത്തും, പുന്നമടയിലും ബോട്ട് ടെർമിനലുകൾ നിർമ്മിച്ചുവരുന്നു. കുമരകത്ത് ബോട്ടിംഗ് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പുന്നമടയിൽ ഒരു സ്ഥിര പവലിയൻ നെഹ്റു ട്രോഫി വള്ളംകളിക്കുവേണ്ടി നിർമ്മിച്ചു. നെടുമുടി, വട്ടക്കായൽ, പള്ളാതുരുത്തി, കോതറത്തോട് എന്നീ സ്ഥലങ്ങളിൽ വാട്ടർസൈഡ് അമിനിറ്റി സെന്ററുകളും, എറണാകുളത്ത് ബോട്ട് ജെട്ടിയും നിർമ്മിച്ചുവരുന്നു. കൂടാതെ എറണാകുളത്ത് ഹൈക്കോടതി ബോട്ട് ജെട്ടിയുടെ നവീകരണത്തിന് 159.95 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതിയും നൽകിയിട്ടുണ്ട്. 53 ലക്ഷം രൂപ ചെലവിൽ ചേറ്റുവായിലും, 120 ലക്ഷം രൂപ ചെലവിൽ വാടിക്കലും, 125 ലക്ഷം രൂപ ചെലവിൽ നീലേശ്വരത്തും ഹൗസ്ബോട്ട് ടെർമിനലുകളും 300 ലക്ഷം രൂപ ചെലവിൽ കണയൻകോട്, അഴീക്കൽ, കൊറ്റി, ആറ്റിൻകടവ് എന്നീ സ്ഥലങ്ങളിൽ ജെട്ടികളും മറ്റ് 8 സ്ഥലങ്ങളിൽ ഫ്ളോട്ടിംഗ് ബോട്ട് ജെട്ടികളും അനുവദിച്ചിട്ടുണ്ട്.

(ബി) രേഖകൾ ശേഖരിച്ചു ലഭ്യമാക്കാവുന്നതാണ്.

(സി) ഉത്തരം 'എ' പിരിവിൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly